(ഡി) ചിന്നാർ ചെക്ക് പോസ്റ്റിൽ നാലുപേർ ജോലി നോക്കുന്നുണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഫോറസ്റ്റർ | - | 1 |
| ഫോറസ്റ്റ് ഗാർഡ് | - | 3 |

നിലവിൽ ചെക്ക്പോസ്റ്റിൽ സ്റ്റാഫിന്റെ അപര്യാപ്തത ഇല്ല.

**മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം**

247(964) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഇത് തുറക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മാങ്കുളം ഡിവിഷന്റെ വിരിപാറയിൽ നേച്ചർ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2011 ഫെബ്രുവരിയിൽ തന്നെ ആയത് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എം. എൻ. ലക്ഷംവീട് പദ്ധതി**

248(955) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.എൻ. ലക്ഷംവീട് നിർമ്മാണത്തിന് വീട് ഒന്നിന് ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും സർക്കാർ അനുവദിക്കുന്ന വിഹിതവും, ഇതര ഏജൻസികൾ അനുവദിക്കുന്ന വിഹിതവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുപ്രകാരം ഒരു വീടിന്റെ നിർമ്മാണത്തിന് പരമാവധി വിനിയോഗിക്കാവുന്ന തുക ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിട സാമഗ്രികളുടെ വില, ലേബർ ചാർജ്ജ് എന്നിവ വർദ്ധിച്ചത് കാരണം സർക്കാർ നിശ്ചയിച്ച തുകയ്ക്ക് എംഎൻ. ലക്ഷംവീട് പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly